## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1924** **12-09-2023 - ൽ മറുപടിയ്ക്ക്**

## വെള്ളാവൂരിൽ ഭിന്നശേഷി ഗ്രാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വെള്ളാവൂരിൽ ഭിന്നശേഷി ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വെള്ളാവൂരിൽ ഭിന്നശേഷിഗ്രാമം സ്ഥാപിക്കുന്നതിനായി 348 സെന്റ് ഭൂമി ലഭ്യമാണെന്ന് കാഞ്ഞിരപ്പള്ളി എം.എൽ.എ. അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കോട്ടയം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്മേലുള്ള തുടർനടപടികളുടെ ഭാഗമായി സംസ്ഥാന ലാൻഡ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ കത്തു നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയെ സംബന്ധിച്ച് കോട്ടയം ജില്ലാസാമൂഹ്യനീതി ഓഫീസിൽ നിന്നും ആവശ്യപ്പെട്ടുകയും അതിൻപ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമിയിൽ പുനരധിവാസഗ്രാമം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് സൗജന്യമായി ലഭിക്കുന്നതിന് വെള്ളാവൂരിൽ കണ്ടെത്തിയ റവന്യൂ പുറമ്പോക്ക് ഭൂമി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാകളക്ടർക്ക് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്മേലുള്ള തുടർനടപടികളുടെ ഭാഗമായി സംസ്ഥാന ലാൻഡ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ കത്തു നൽകിയിട്ടുണ്ട്. |
| (സി) | അർത്ഥനാധികാരിയായ സാമൂഹ്യനീതി വകുപ്പ് ഉചിത മാർഗേണ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | ഭൂമി കൈമാറി ലഭിക്കുന്നതിന് അർത്ഥനാപത്രം തയ്യാറാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രസ്തുത ഭൂമിയിൽ പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർ, ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന ഒരു മീറ്റിംഗ് ചേർന്ന് |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എത്രയും വേഗം നടപടികൾ പൂർത്തിയാക്കി വെള്ളാവൂരിൽ ഭിന്നശേഷി ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ? | (ഡി) | പദ്ധതിക്കായി കണ്ടെത്തിയ സ്ഥലത്ത് പുനരധിവാസഗ്രാമം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ